(2) അന്താരാഷ്ട്ര വില നിലവാരം, മറ്റു വിപണിയുമായി ബന്ധപ്പെട്ട വിവരങ്ങൾ മുതലായവ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഒരു വിർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചു.

(3) കാർഷിക മേഖല നവീകരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആധുനിക ലബോറട്ടറികൾ സ്ഥാപിക്കാനുള്ള നടപടികളെടുത്തു.

(4) വ്യവസായ മേഖലയിൽ ക്ലസ്റ്ററടിസ്ഥാനത്തിലുള്ള വികസനം നടപ്പിലാക്കി.

(5) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 'കിൻഫ്ര' തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കി.

(എഫ്) ആവശ്യപ്പെട്ടിട്ടുണ്ട്.

ഇന്തോ-ശ്രീലങ്കൻ കരാർ പുനഃപരിശോധിക്കണമെന്നും റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കണമെന്നും പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

കേരളത്തിന്റെ ആവശ്യം പരിഗണിച്ച് പാരമ്പര്യവ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നതിലേക്കുവേണ്ടി കണ്ണൂർ അടിസ്ഥാനമാക്കി കൈത്തറി മേഖലയ്ക്കുവേണ്ടി ഒരു 'ടൗൺ ഓഫ് എക്സലൻസ്' അനുവദിച്ചു.

ലക്ഷ്യം കൈവരിക്കാതെ പാഴാകുന്ന കേന്ദ്ര പദ്ധതികൾ

2 [3695] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
,, *സ്റ്റീഫൻ ജോർജ്ജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം അനുവദിക്കുന്ന പല പദ്ധതികളും ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്താൻ കേരളം തയ്യാറാകുന്നില്ലെന്ന ഒരു പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്രത്തിന്റെ ഈ പരാമർശത്തിന് കാരണമായ പദ്ധതികൾ ഏതെല്ലാമെന്ന് വകുപ്പുകൾ തിരിച്ചുള്ള കണക്കുകൾ സഹിതം വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രം അനുവദിച്ചിട്ടും ഉപയോഗിക്കുവാൻ കഴിയാതെ ലാപ്സായത് എത്ര കോടിയാണെന്നും, ഏതെല്ലാം പദ്ധതികളാണ് ഇത്തരത്തിൽ ലക്ഷ്യം കണ്ടെത്താൻ കഴിയാതെ പോയതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അവ നടപ്പിലാക്കുന്ന മാർഗ്ഗരേഖകളോടൊപ്പം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം സംസ്ഥാനങ്ങളെ അറിയിക്കാറുണ്ട്.

ഇത്തരം പദ്ധതികളെ സംബന്ധിച്ച് സർക്കാർ വകുപ്പുകൾ വിശദമായ പഠനം നടത്തിയശേഷം അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകി ബന്ധപ്പെട്ട വകുപ്പുകൾക്ക് അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. കേന്ദ്രസഹായം ലഭ്യമാകാൻ സാദ്ധ്യതയുള്ള പ്രോജക്ടുകൾക്ക്/പദ്ധതികൾക്ക് രൂപം നൽകുന്നതിൽ ആസൂത്രണബോർഡും സർക്കാർ വകുപ്പുകളെ സഹായിക്കാറുണ്ട്. ഇപ്രകാരം കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾ/പദ്ധതികൾക്ക് ആവശ്യമായ അനന്തര നടപടികൾ ന്യൂഡൽഹിയിലെ കേരളാഹൗസ് റസിഡന്റ് കമ്മീഷണർ നിർവഹിക്കുന്നതാണ്.

കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർവ്വഹണം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി അവലോകനം ചെയ്യാറുണ്ട്. കേന്ദ്രം അനുവദിച്ച വിഹിതം വിനിയോഗിക്കാൻ സാധിക്കാതെ, ലാപ്സായ തുകയെ സംബന്ധിച്ചും, ലക്ഷ്യം കാണാൻ സാധിക്കാത്ത പ്രോജക്ടുകൾ ഏതെല്ലാമാണെന്നും ഉള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

നിയമസഭാംഗങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ സമിതികൾ

3 [3696] *ശ്രീ. പി. ടി. തോമസ്:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
„ വർക്കല കഹാർ:
„ എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സംഘടിപ്പിച്ചിട്ടുള്ളതും എം. എൽ. എ. മാർ ഉൾപ്പെടെ അംഗങ്ങളായുള്ളതുമായ എത്ര സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു;

(ബി) ഈ സമിതികളുടെ ചെയർമാൻമാർ ഉദ്യോഗസ്ഥൻമാരാണോ;

LIBRARY ARCHIVES Kerala Legislative Assembly